(ഡി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഇ) 1980 ന് മുൻപ് നിലവിലുണ്ടായിരുന്ന പാറ/മണൽ ശേഖരണ സൈറ്റുകളിൽ ചിലത് 6-9-1997-ൽ സംസ്ഥാന സർക്കാർ അംഗീകരിക്കുകയുണ്ടായി. എന്നാൽ ഇവ പ്രവർത്തിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുവാദം ആവശ്യമാണെന്നും, അതിനാൽ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ പിൻവലിക്കണമെന്നും കേന്ദ്ര നിർദ്ദേശം ഉണ്ടായതിനെ തുടർന്നാണ് 16-9-1998-ൽ 12754/സി1/98/വനം നമ്പർ ഉത്തരവു സർക്കാർ പുറപ്പെടുവിച്ചത്.

(എഫ്) മണൽ ഒരു വനോൽപ്പന്നമാണെന്നും കേരള വനനിയമത്തിലെ വകുപ്പുകളനുസരിച്ച് വനോൽപ്പന്നങ്ങളുടെ വിപണനം സാദ്ധ്യമാണെന്നും അഡ്വക്കേറ്റ് ജനറൽ ഉപദേശിച്ചു.

കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ കാര്യക്ഷമമാക്കുന്നതിന് പരിഷ്ക്കാര പദ്ധതി

81 (1136) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ കാര്യക്ഷമമാക്കുന്നതിന് ഇപ്പോൾ സ്വീകരിച്ചുവരുന്ന പരിഷ്ക്കാര പദ്ധതി എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പരിഷ്ക്കാര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കാര്യങ്ങളും വിശദാശങ്ങളും വ്യക്തമാക്കുമോ ;

(സി) ബസ്സുകൾ സ്റ്റോപ്പുകളിൽ നിർത്തി പരമാവധി യാത്രക്കാരെ കയറ്റണമെന്ന നിർദ്ദേശം പാലിക്കാത്ത ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ ;

(ഡി) ഒരു ബസിനു രണ്ട് കണ്ടക്ടർ എന്ന സമ്പ്രദായം എന്നു മുതൽ നിലവിൽ വരുമെന്ന് വ്യക്തമാക്കുമോ ;

(ഇ) കെ.എസ്.ആർ.ടി.സി. ബസുകൾ പ്രൈവറ്റ് ബസുകളുമായി ഒത്തു ചേർന്ന് ചില സ്ഥലങ്ങളിൽ ട്രിപ്പുകൾ നടത്തുന്ന കാര്യം ഗൗരവമായി കണക്കിലെടുത്ത് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-കളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേക്കായി ഓപ്പറേഷൻ തണ്ടർ ബോൾട്ട്, ബസ് ക്രൂ ഗാരേജ് സിസ്റ്റം എന്നിങ്ങനെയുള്ള രണ്ടു പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

---

†അനുബന്ധം - VIII

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒരു ബസ്സിന് രണ്ട് കണ്ടക്ടർമാരും രണ്ടു ഡ്രൈവർമാരും ഒരു മെക്കാനിക്കൽ ജീവനക്കാരനേയും ഉൾപ്പെടുത്തിയാണ് ഇന്ന് ക്രൂ ഗാരേജ് സിസ്റ്റം നടപ്പിൽ വരുത്തുവാൻ തീരുമാനിച്ചിട്ടുള്ളത്. ഇത് ബസും ജീവനക്കാരും തമ്മിലുള്ള ആത്മബന്ധം വർദ്ധിപ്പിക്കുവാൻ കാരണമാകും. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും "ഇൻവെന്ററി കൺട്രോൾ" കൂടുതൽ ശാസ്ത്രീയമാക്കി ചെലവ് ചുരുക്കുന്നതിനും ഫ്ളീറ്റ് യൂട്ടിലൈസേഷൻ വർദ്ധിപ്പിക്കുന്നതിനും റവന്യൂ വരുമാനം (ഓപ്പറേഷണൽ ആന്റ് നോൺ ഓപ്പറേഷണൽ) വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടാണ് ഓപ്പറേഷൻ തണ്ടർ ബോൾട്ട്.

(സി) ബസുകൾ സ്റ്റോപ്പുകളിൽ നിർത്തി പരമാവധി യാത്രക്കാരെ കയറ്റണമെന്ന് കർശന നിർദ്ദേശമാണ് ജീവനക്കാർക്ക് നൽകിയിട്ടുള്ളത്.

(ഡി) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

(ഇ) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ബസ് സർവ്വീസ് കാര്യക്ഷമമാക്കാൻ നടപടി

82 (1137) ശ്രീ. എളമരം കരീം :
ശ്രീ. എം. എ. തോമസ് :
ശ്രീ. എം. പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് കാര്യക്ഷമമാക്കുന്നതിന് സർക്കാർ ഇപ്പോൾ കൈക്കൊണ്ടിട്ടുള്ള നടപടികളുടെ ഫലം കണ്ടു തുടങ്ങിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എന്തൊക്കെ പരിഷ്ക്കാരങ്ങളാണ് ഈ രംഗത്ത് ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തിവരുന്ന റൂട്ടുകളിലെ ബസ്സുകൾ കൃത്യമായി ഓടിക്കാത്തതുകാരണം യാത്രക്കാർ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ സ്വീകരിക്കപ്പെട്ടിട്ടുള്ള നടപടികളെ സംബന്ധിച്ച് വിശദമാക്കുമോ;

(സി) നിലവിലുള്ള നിബന്ധനപ്രകാരം കളക്ഷൻ ഉള്ള റൂട്ടുകളിലെ ബസ്സുകൾപോലും കൃത്യമായി ഓടിക്കുന്നതിൽ അനാസ്ഥ കാട്ടുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഒരു റൂട്ടിലേയ്ക്ക് അനുവദിക്കപ്പെട്ടിട്ടുള്ള ബസ് അടുത്ത ദിവസം റദ്ദാക്കി മറ്റു റൂട്ടുകളിൽ ഓടിക്കുന്നതുമൂലം യാത്രക്കാർക്കുണ്ടാകുന്ന ക്ലേശം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) ബസുകളിൽ യാത്രക്കാരെ കയറ്റുന്നതിൽ സ്വകാര്യ ബസ് ജീവനക്കാർ കാണിക്കുന്ന താല്പര്യം കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ഇപ്പോഴും ഇല്ലെന്ന കാര്യം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(എഫ്) കെ.എസ്.ആർ.ടി.സി. പുതിയ ബസുകൾ വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly